# ബാലകേരളീയം

## നാടൻപാട്ട്

പയ്യിനെ വിളിക്കാനായ് പോകുന്നു പെറ്റമ്മ
നീട്ടിവിളിക്കുന്നു ചോക്കച്ചി പയ്യിനെ
ഒന്നാം വിളിക്കോള് എണീറ്റ് നില്ക്കുന്നു
രണ്ടാം വിളിക്കോള് ചെകിടോർത്ത് നില്ക്കുന്നു
മൂന്നാം വിളിക്കോള് പായാൻ തുടങ്ങുന്നു
നാലാം വിളിക്കോള് പാതിവയിക്കെത്തി
അഞ്ചാം വിളിക്കോള് ആലേരെ വാതുക്കൽ
ചൂടിക്കയറോണ്ട് പയ്യിനെ കെട്ട്യമ്മ



വള്ളിക്കയർകൊണ്ട് കടച്ചിനേം കെട്ട്യമ്മ
പാക്കുറ്റി എടുത്തമ്മ കറക്കാനും പോകുന്നു
ആദ്യം കറന്നപാൽ ആരിക്ക് പെറ്റമ്മേ?
ആദ്യം കറന്നപാൽ ഭൂമിദേവിയമ്മയ്ക്ക്
പിന്നെ കറന്നപാൽ ആരിക്ക് പെറ്റമ്മേ?
പിന്നെ കറന്നപാൽ ശ്രീകൃഷ്ണൻ കണ്ണന്
പിന്നെ കറന്നപാൽ ആരിക്ക് പെറ്റമ്മേ?
പിന്നെ കറന്നപാൽ എന്റോരുതമ്പാന്
പഞ്ചാരയിട്ടിട്ട് കാച്ചിക്കുറുക്കീട്ട്
വട്ടിനെറയോളം എന്റോരു തമ്പാന്

– സമ്പാദക: കെ.സുജ, അഡൂർ, കണ്ണൂർ

## വിമ്മിട്ടം

ഗിരിജൻ

ഉണ്ണിയേറെ ചിരിച്ചാലും ഏറെക്കരഞ്ഞാലും
അമ്മയ്ക്കു നെഞ്ഞത്ത് വിമ്മിട്ടം
മിണ്ടാതിരുന്നാലും മണ്ടി നടന്നാലും
അമ്മയ്ക്ക് നെഞ്ഞത്ത് വിമ്മിട്ടം
ഉണ്ണിമോനുസ്കൂളിൽ പോകുന്ന നേരത്ത്
അമ്മയ്ക്കു നെഞ്ഞത്ത് വിമ്മിഷ്ടം
വിമ്മിട്ടം മാറ്റുവാൻ വീട്ടിലിരുന്നാലോ
അപ്പോളുമമ്മയ്ക്കു വിമ്മിട്ടം

## അടുക്കളേലമ്മ

അപർണ

ഞാനുണരുമ്പോൾ അടുക്കളേലാണമ്മ
ഞാനുറങ്ങുമ്പോൾ അടുക്കളേലാണമ്മ
ആരേലും വന്നാൽ അടുക്കളേലാണമ്മ
അച്ഛൻ കയർത്താൽ അടുക്കളേലാണമ്മ
പൂവിളിക്കാലത്തും പൂക്കണിക്കാലത്തും
അമ്മ അടുക്കളേൽത്തന്നെ! – കഷ്ടം.

## കടങ്കഥകൾ

1. കാ കച്ചക കിച്ചക
   ഇല സന്നഗം പിന്നഗം
   പൂ മഞ്ഞകം പിഞ്ഞകം.
2. ആരവനെന്നും മൂവരനെന്നും
   ഭസ്മം തേച്ചു നടപ്പവനെന്നും
3. അപ്പുറത്തെ ചെക്കൻ
   വിരുന്നുവന്നു.
   കായ്ക്കാത്തേന്റേം
   പൂക്കാത്തേന്റേം ഇലവേണം.
4. ചെടിമേൽ കായ്, കായ്മേൽ
   ചെടി
5. ആനക്കു നിൽക്കാൻ തണലുണ്ട്,
   ഉപ്പു പൊതിയാൻ ഇലയില്ല
6. അമ്മ കല്ലിലും മുള്ളിലും
   മകൾ കല്യാണപന്തലിൽ
7. കാടുവെട്ടി പാറ കണ്ടു, പാറ
   വെട്ടി വെള്ളം കണ്ടു.
8. ഇത്തിരി കുഞ്ഞൻ കുട്ടിയെക്കര
   യിച്ചു.

– വി.പുഷ്പവല്ലി, ഇരിഞ്ചയം.

(15 വയസിൽ താഴെയുള്ള കുട്ടികൾ, ഈ കടങ്കഥകളുടെ ഉത്തരങ്ങൾ ഒരു ഇൻലന്റിലെഴുതി അതോടൊപ്പം വേറെ എട്ടു കടങ്കഥകളും അവയുടെ ഉത്തരങ്ങളും കൂടി എഴുതി പത്രാധിപർ, കേരളീയം, പി.ബി.100, തൃശൂർ – 1 എന്ന വിലാസത്തിലയയ്ക്കുക. എല്ലാവർക്കും സമ്മാനം തരുന്നതാണ്).



### സമൂഹത്തെ നശിപ്പിക്കുന്ന ഏഴു പാപങ്ങൾ

1. അദ്ധ്വാനിക്കാതെ ഉണ്ടാക്കുന്ന സമ്പത്ത്
2. മനഃസാക്ഷിയില്ലാത്ത സുഖലോലുപത
3. സ്വഭാവഗുണം ഉണ്ടാക്കാത്ത വിദ്യാഭ്യാസം
4. സദാചാരത്തിലൂന്നാത്ത വാണിജ്യം
5. മനുഷ്യത്വമില്ലാത്ത ശാസ്ത്രം
6. ത്യാഗമില്ലാത്ത ആരാധന
7. ആദർശമില്ലാത്ത രാഷ്ട്രീയം.

-മഹാത്മാഗാന്ധി



നിതിൻ ജോസഫ് (9) 4-ാംതരം
പച്ചപിള്ളിപീട്. മങ്ങ്വി.പി.ഒ.

### ബുദ്ധവേദം

## വിശന്ന നായ

പോൾ കാരസ്

**ജനമർദ്ദകനായ ഒരു രാജാവിനോട് ബുദ്ധൻ പറഞ്ഞ സാരോപദേശ കഥ**

ക്രൂരനും ജനമർദ്ദകനുമായ ഒരു രാജാവുണ്ടായിരുന്നു. ഇന്ദ്രൻ നായാട്ടുകാരനായും മാതലി കൂറ്റൻ നായയായും മാറി ഒരു നാൾ കൊട്ടാര കവാടത്തിലെത്തി. ഭയജനകമായ, തുളച്ചുകയറുന്ന ശബ്ദത്തിൽ നായ കുര തുടങ്ങി. കൊട്ടാരം കിടിലം കൊണ്ടു. രാജാവ് ഭയന്നു വിറച്ചോടിയെത്തി. ഈ കുര എന്താണ് ഇത്ര കഠോരമായിരിക്കുന്നത്? നായാടി സൗമ്യനായി പറഞ്ഞു. നായയ്ക്ക് വിശക്കുന്നു! പേടിച്ചുവിറച്ച് രാജാവ് നായയ്ക്കു വേണ്ടത്ര ആഹാരം എത്തിക്കുന്നു. എന്തു കൊടുത്തിട്ടും നായയുടെ കുര നില്ക്കുന്നില്ല, വിശപ്പു ശമിക്കുന്നില്ല. ബ്ഭൗ ബ്ഭൗ... അതു കൊട്ടാരത്തേയും തിന്നാനെന്ന പോലെ വിശന്നു വാ പിളർത്തുന്നതായി രാജാവ് ഭയന്നു. രാജാവ് വിറയലോടെ ആരാഞ്ഞു. 'ഈ ഭീകരമൃഗത്തെ തൃപ്തനാക്കാൻ ഒന്നിനും കഴിയില്ലെ?' നായാടി ശാന്തനായി മൊഴിഞ്ഞു. 'ഇല്ല, അവന്റെ ശത്രുക്കളുടെ മാംസത്തിനൊഴികെ ഒന്നിനും അവനെ തൃപ്തനാക്കാനാവില്ല'. രാജാവ് മരണഭയത്തോടെ ചോദിച്ചു: 'ആരെല്ലാമാണവന്റെ ശത്രുക്കൾ' നായാടി അതിനു ശാന്തനായി പറഞ്ഞു: 'ഭൂമിയിൽ ജനങ്ങൾ വിശന്നിരിക്കുവോളം അവന്റെ കുര മാറില്ല. അനീതി ചെയ്യുന്നവരും പാവങ്ങളെ മർദ്ദിക്കുന്നവരും അവന്റെ ശത്രുക്കളാകുന്നു'

(വൈദ്യശസ്ത്രം/ സെപ്റ്റംബർ 1988)